**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 168 — 17. 12. 2012 - ൽ മറുപടിക്ക്

## വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി :<br>ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.വി.ശിവൻകുട്ടി: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) സംസ്ഥാനത്തെ വിജിലൻസ് സംവിധാനം രാഷ്ട്രീയാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആക്ഷേപങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; | (എ ) യും (ബി ) യും<br>ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും, വിജിലൻസ് സംവിധാനത്തെ രാഷ്ട്രീയാവശ്യങ്ങൾക്ക് സർക്കാർ ഒരു തരത്തിലും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഒരു പരിശോധനയുടെ ആവശ്യം ഉദിക്കുന്നില്ല. |
| (സി) വിജിലൻസ് വകുപ്പ് രാഷ്ട്രീയ പകപോക്കലിനായി ഉപയോഗിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) വിജിലൻസ് വകുപ്പിനെ രാഷ്ട്രീയ പകപോക്കലിനായി സർക്കാർ ഉപയോഗിക്കുന്നില്ല. രാഷ്ട്രീയ പ്രേരിതമായോ അല്ലാതെയോ ലഭിക്കുന്ന ഊമപ്പരാതികളിന്മേലും വ്യാജ പരാതികളിന്മേലും നടപടി സ്വീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട കേസുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സത്വരാന്വേഷണം, രഹസ്യാന്വേഷണം തുടങ്ങിയവ ഉൾപ്പടെ 261 വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ആഫീസർ